**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസരംഗത്തെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കുകളുടെ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്താമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 ക്ലാസ്സ് വരെ) കുട്ടികളുടെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കും ആയതിന്റെ ഗ്രാഫും അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>2016-17 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 ക്ലാസ്സ് വരെ) കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും.<br><br>2020-21 ൽ കോവിഡ് മഹാമാരി രാജ്യത്ത് പിടിമുറുക്കിയപ്പോൾ അതിനെ ഫലപ്രദമായി ചെറുത്ത് തോൽപ്പിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിരുന്നു. കോവിഡ് മഹാമാരി കാലത്ത് വിദ്യാലയങ്ങൾ തുറക്കാൻ കഴിയാതെ വന്നപ്പോൾ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച് വിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ച നിർത്തുകയായിരുന്നു. തൽഫലമായി കേന്ദ്ര സിലബസിൽ പഠിച്ച വന്നിരുന്ന അനേകം കുട്ടികൾ 2021-22 അധ്യയന വർഷം സംസ്ഥാന സിലബസിലേക്ക് വന്നത് കാരണമാണ് ടി വർഷം അത്രയും കുട്ടികളുടെ വർദ്ധനവ് ഉണ്ടായത് എന്ന് ഗ്രാഫിൽ നിന്നും വ്യക്തമാണ്.<br><br>കോവിഡ് കാലഘട്ടത്തിന് ശേഷം കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. കോവിഡിന് മുമ്പും ശേഷവും ഉള്ള വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ |


| | | | |
|---|---|---|---|
| | | | (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 ക്ലാസ്സ് വരെ) കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ വ്യത്യാസം കാണാൻ കഴിയില്ല.<br><br>കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറയുന്നതിന് പ്രധാനകാരണമായി കാണുന്നത് ജനനനിരക്കിലെ കുറവ് തന്നെയാണ്. ജനന നിരക്ക് 2006 മുതൽ 2020 വരെ പരിശോധിക്കുമ്പോൾ കുറഞ്ഞുവരുന്നതായി കാണാം. 2006-ൽ ജനനനിരക്ക് 16.63 ആയിരുന്നു എന്നാൽ 2020-ൽ ഇത് 12.77 അയി കുറയുന്നതായി കാണാൻ സാധിക്കും. ഈ ജനനിരക്കിൽ വന്ന കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായി കാണാൻ കഴിയും. ആയതിന്റെ 15 വർഷത്തെ കണക്കും, ഗ്രാഫും അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിൽ കഴിഞ്ഞ അധ്യയനവർഷം ഒന്നു മുതൽ മൂന്ന് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടു മുതൽ നാല് വരെ ക്ലാസുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ പുതുതായി വന്നു ചേർന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | എസ്. എസ്. എൽ. സി. ക്ക് ശേഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നിരക്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്ലസ് വൺ കോഴ്സിനു ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. എന്നാൽ ഓരോ വർഷവും കോഴ്സ് പൂർത്തികരിക്കാതെ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുവരുന്നതായും കാണുന്നു. പത്താം ക്ലാസ് വിജയിച്ച് പ്ലസ് വൺ കോഴ്സിനു ചേരുകയും അതിന് ശേഷം പത്താം ക്ലാസ് അടിസ്ഥാനയോഗ്യതയുള്ള മറ്റ് തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിലേക്ക് കുട്ടികൾ അഡ്മിഷൻ എടുക്കുന്നതായി കണ്ടുവരുന്നു. ഇത് പ്ലസ് വൺ കോഴ്സ് ചെയ്തുവരുന്ന കറച്ചു കുട്ടികൾ കോഴ്സ് പൂർത്തീകരിക്കാതെ പോകുന്നതിന് ഒരു കാരണമാണ്. സ്ഥലംമാറ്റം, മറ്റ് കാരണങ്ങൾ എന്നിവ മൂലം മാതാപിതാക്കളുടെ അഭ്യർത്ഥന പ്രകാരവും കോഴ്സ് പൂർത്തികരിക്കുന്നതിനു മുൻപ് ടി സി വാങ്ങിപ്പോകുന്നത് മറ്റൊരു കാരണമാണ്. ഇത്തരത്തിൽ വിടുതൽ വാങ്ങിയ കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ പട്ടിക അനുബന്ധം 4 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്തുടനീളം ഹയർസെക്കണ്ടറി കോഴ്സുകളിൽ ചേരുന്ന കഴിഞ്ഞ പത്ത് വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ, ഓരോ വർഷവും വർദ്ധിച്ചിരിക്കുന്നതായാണ് കാണുന്നത്. മികച്ച പഠനനിലവാരം, ഓരോ പരീക്ഷക്കു ആവശ്യമുള്ള സിലബസ് യഥാസമയം പൂർത്തികരിച്ച് പാദവാർഷിക പരീക്ഷകളിലും, പൊതുപരീക്ഷകളിലും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ആത്മവിശ്വാസം കുട്ടികൾക്ക് പകരുന്ന രീതി അവലാബിച്ചിട്ടുള്ളതും, കൂടാതെ മികവുറ്റ രീതിയിലുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, കാര്യക്ഷമമായ മൂല്യനിർണ്ണയം, ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് നൽകി വരുന്ന പരീശീലനം മുതലായവ കുട്ടികളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുള്ളതും, തന്മൂലം വിജയ സാധ്യത കടിയിട്ടുള്ളതുമായി കാണുന്നു. മുൻ വർഷങ്ങളിലെ വിജയശതമാനം സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | ക്രാക്ക് ദ എൻട്രൻസ് പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസുകളും ഇൻ്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന ക്രാക് ദ എൻട്രൻസ് പരിപാടി 2023-24 അദ്ധ്യയന വർഷം കൈറ്റ് നടപ്പിലാക്കി. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ പരിശീലിക്കുന്നതോടൊപ്പം കുട്ടികൾക്ക് മോക് ടെസ്റ്റിൽ ഉൾപ്പെടെ പങ്കെടുക്കുന്നതിന് www.entrance.kite.kerala.gov.in എന്ന പോർട്ടലും വികസിപ്പിച്ചു. ചോദ്യാവലികൾ, അസൈൻമെൻ്റുകൾ, മോക് ടെസ്റ്റുകൾ എന്നിവ ചെയ്യുന്നതിനും സൗകര്യമുണ്ട്. ഇതിൻ്റെ തുടർച്ചയായി തൊട്ടടുത്ത അദ്ധ്യയന വർഷം (2024-25) മുതൽ കൈറ്റ് നടപ്പിലാക്കിയ പദ്ധതിയാണ് കീ ടു എൻട്രൻസ്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള എല്ലാ പ്രവേശന പരീക്ഷയിലും പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി. താല്പര്യവും കഴിവും ഉണ്ടായിട്ടും പിന്തുണ ലഭിക്കാത്തതുകൊണ്ട് മാത്രം പൊതു പ്രവേശന പരീക്ഷകളിൽ പിന്തള്ളപ്പെട്ടുപോകുന്ന കുട്ടികൾക്ക് പിന്തുണ നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |


സെക്ഷൻ ഓഫീസർ

അനുബന്ധം 1

| 2012-13 മുതൽ 2025-26 വരെ കുട്ടികളുടെ എണ്ണം | | |
|---|---|---|
| (സർക്കാർ,എയ്ഡഡ് ,അൺ എയ്ഡഡ് ) | | |
| പ്രൈമറി വിഭാഗം (ക്ലാസ് ഒന്ന് മുതൽ നാല് വരെ ) | | |
| **SL No** | **Year** | **No.of Students** |
| 1 | 2011-12 | 1430322 |
| 2 | 2012-13 | 1284361 |
| 3 | 2013-14 | 1240143 |
| 4 | 2014-15 | 1228361 |
| 5 | 2015-16 | 1263261 |
| 6 | 2016-17 | 1264303 |
| 7 | 2017-18 | 1282369 |
| 8 | 2018-19 | 1314944 |
| 9 | 2019-20 | 1329219 |
| 10 | 2020-21 | 1357607 |
| 11 | 2021-22 | 1418079 |
| 12 | 2022-23 | 1373066 |
| 13 | 2023-24 | 1308415 |
| 14 | 2024-25 | 1250184 |
| 15 | 2025-26 | 1187517 |



| Birth Rate in Kerala | | |
|---|---|---|
| ക്രമ.നം.. | വർഷം | Birth Rate |
| 1 | 2006 | 16.63 |
| 2 | 2007 | 16.18 |
| 3 | 2008 | 15.74 |
| 4 | 2009 | 15.82 |
| 5 | 2010 | 15.75 |
| 6 | 2011 | 16.75 |
| 7 | 2012 | 16.37 |
| 8 | 2013 | 15.58 |
| 9 | 2014 | 15.75 |
| 10 | 2015 | 15.13 |
| 11 | 2016 | 14.48 |
| 12 | 2017 | 14.62 |
| 13 | 2018 | 14.1 |
| 14 | 2019 | 13.79 |
| 15 | 2020 | 12.77 |



609737

REGISTIRED VS DISCONTINUED ( HIGHER SECONDARY FIRST YEAR )

| | 2025 | 2024 | 2023 | 2022 | 2021 | 2020 | 2019 | 2018 | 2017 | 2016 |
|---|---|---|---|---|---|---|---|---|---|---|
| Discont | 825 | 1148 | 1074 | 888 | 453 | 1159 | 1293 | 75 | 557 | 233 |
| Registired | 413592 | 414039 | 425457 | 424524 | 417506 | 438675 | 442882 | 444694 | 459058 | 449611 |
| PERC | 0.001995 | 0.002773 | 0.002524 | 0.002092 | 0.001085 | 0.002642 | 0.00292 | 0.000169 | 0.001213 | 0.000518 |

07 OCT 2025

## 16. COMPARATIVE ANALYSIS OF RESULTS THROUGH YEARS (SCHOOL GOING)

| YEAR | No.of Candidate appeared | Boys | Girls | A+ for all subjects | | | EHS | %EHS |
|---|---|---|---|---|---|---|---|---|
| | | | | Boys | Girls | Total | | |
| Mar-07 | 242861 | 112395 | 130466 | 165 | 290 | 455 | 175742 | 72.36 |
| Mar-08 | 255909 | 116457 | 139452 | 487 | 847 | 1334 | 207389 | 81.04 |
| Mar-09 | 261419 | 121422 | 139997 | 450 | 965 | 1415 | 199874 | 76.46 |
| Mar-10 | 276460 | 127538 | 148922 | 516 | 1042 | 1558 | 207155 | 74.93 |
| Mar-11 | 278372 | 128198 | 150174 | 859 | 1962 | 2821 | 227112 | 81.59 |
| Mar-12 | 293112 | 136613 | 156499 | 1100 | 2234 | 3334 | 258179 | 88.08 |
| Mar-13 | 315293 | 148656 | 166637 | 1613 | 3519 | 5132 | 256454 | 81.34 |
| Mar-14 | 342410 | 162374 | 180036 | 2171 | 4607 | 6778 | 271836 | 79.39 |
| Mar-15 | 343459 | 159999 | 183460 | 3073 | 7766 | 10839 | 288362 | 83.96 |
| Mar-16 | 361683 | 171147 | 190536 | 2965 | 6905 | 9870 | 292753 | 80.94 |
| Mar-17 | 366139 | 170458 | 195681 | 3192 | 8576 | 11768 | 305262 | 83.37 |
| Mar-18 | 369021 | 171830 | 197191 | 3836 | 10899 | 14735 | 309065 | 83.75 |
| Mar-19 | 369238 | 174042 | 195196 | 3607 | 10637 | 14244 | 311375 | 84.33 |
| Mar-20 | 375655 | 178596 | 197059 | 4315 | 14195 | 18510 | 319782 | 85.13 |
| Mar-21 | 373788 | 179484 | 194304 | 11492 | 36820 | 48312 | 328702 | 87.94 |
| Mar-22 | 361091 | 172062 | 189029 | 6333 | 22117 | 28450 | 302865 | 83.87 |
| Mar-23 | 376135 | 181624 | 194511 | 7814 | 26001 | 33815 | 312005 | 82.95 |
| Mar-24 | 374755 | 181466 | 193289 | 9524 | 29718 | 39242 | 294888 | 78.69 |
| Mar-25 | 370642 | 179952 | 190690 | 7482 | 22663 | 30145 | 288394 | 77.81 |

**Comparative Analysis - % of EHS 2009 onwards**

